**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 279** **04-08-2021 - ൽ മറുപടിയ്ക്ക്**

**മലപ്പുറം ജില്ലയിൽ ക്യാൻസർ ആശുപത്രി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . പി . ഉബൈദുള്ള ,<br>ശ്രീ . എൻ . ഷംസുദീൻ ,<br>ശ്രീ . മഞ്ഞളാംകുഴി അലി | | **Smt Veena George**<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ക്യാൻസർ രോഗികൾ ഏറെയുള്ള മലപ്പുറം ജില്ലയിൽ ക്യാൻസർ ചികിത്സയ്ക്കായി എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് ലഭ്യമായ കണക്കുകൾ അനുസരിച്ച് അർബുദരോഗം എല്ലാ ജില്ലകളിലും ഒരേതോതിലാണ് കാണപ്പെടുന്നത്. ഏതെങ്കിലും ഒരു ജില്ലയിൽ ഏതെങ്കിലും തരത്തിലുള്ള ക്യാൻസർ ക്രമാതീതമായി വർദ്ധിക്കുന്നുവെന്ന് നാളിതുവരെയുള്ള ഇത് സംബന്ധമായ കണക്കുകളിൽ നിന്നും സ്ഥീകരണം ലഭിച്ചിട്ടില്ല. ജനസംഖ്യാനുപാതികമായി മാത്രം രോഗികളുടെ എണ്ണത്തിൽ വർദ്ധനവ് ഉള്ള മലപ്പുറം ജില്ലയിൽ റീജിയണൽ ക്യാൻസർ സെന്റർ ഇല്ലെങ്കിലും അഞ്ച് ആശുപത്രികളിലൂടെ ക്യാൻസർ ചികിത്സ നൽകി വരുന്നു. ജില്ലയിലെ മെഡിക്കൽ കോളേജ് കൂടി പ്രവർത്തിക്കുന്ന മഞ്ചേരി ഗവൺമെന്റ് ജനറൽ ആശുപത്രിയിൽ ഒരു ജൂനിയർ കൺസൾട്ടന്റിന്റെ കീഴിൽ ഓങ്കോളജി വിഭാഗം പ്രവർത്തിച്ച് വരുന്നുണ്ട്. അർബുദരോഗ ചികിത്സയ്ക്കൊപ്പം ക്യാൻസർ നിർണ്ണയത്തിനുള്ള ലബോറട്ടറി ടെസ്റ്റുകളും, സ്കാനിംഗ്, ബയോപ്സി എന്നീ പരിശോധനാ സംവിധാനങ്ങളും നിലവിലുണ്ട്. നിലമ്പൂർ ജില്ലാ ആശുപത്രിയിൽ ഒരു റേഡിയോ തെറാപ്പിസ്റ്റ് (ജൂനിയർ കൺസൽട്ടന്റ്)-ന്റെ നേതൃത്വത്തിൽ കീമോതെറാപ്പി ഉൾപ്പെടെയുള്ള ക്യാൻസർ ചികിത്സ സൗകര്യങ്ങൾ ലഭ്യമാണ്. തിരൂർ, പെരിന്തൽമണ്ണ ജില്ലാ ആശുപത്രികളിൽ കീമോതെറാപ്പി ഉൾപ്പെടെയുള്ള ക്യാൻസർ ചികിത്സാസൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിന് പുറമേ എം.എൽ.എ ഫണ്ടും തദ്ദേശ സഹായവും ഉപയോഗിച്ച് എടവണ്ണ സി.എച്ച്.സി-യിൽ ഒരു പുതിയ ക്യാൻസർ കെയർ സെന്റർ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. |
| (ബി) | ഇവിടെ നിലവിലുള്ള സംവിധാനങ്ങൾ പര്യാപ്തമല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | സംസ്ഥാനത്തെ പ്രത്യേക ജീവിത ശൈലിയുടേയും മറ്റ് ഘടകങ്ങളുടേയും പരിണിതഫലമായി ക്യാൻസർ രോഗം വർദ്ധിച്ച് വരുന്നതായിട്ടാണ് കണക്കുകൾ |

സൂചിപ്പിക്കുന്നത്. ദേശീയ ശരാശരിയേക്കാളും ഉയർന്ന തോതിൽ ക്യാൻസർ നിരക്കുള്ള സംസ്ഥാനത്തിൽ പ്രതിവർഷം 60,000-ത്തിൽപരം പുതിയ രോഗികൾ രജിസ്റ്റർ ചെയ്യപ്പെടുന്നുണ്ടെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. സംസ്ഥാനത്ത് ഒരു സമ്പൂർണ്ണ ക്യാൻസർ രജിസ്ട്രി നിലവിലില്ലെങ്കിലും തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിന്റേയും മലബാർ ക്യാൻസർ സെന്ററിന്റേയും രജിസ്ട്രി പ്രകാരം എല്ലാ ജില്ലകളിലും ഏറെക്കുറെ ഒരേരീതിയിൽ ക്യാൻസർ രോഗങ്ങളുടെ പ്രാചുര്യം നിലവിലുണ്ട്. ജനസംഖ്യാനുപാതികമായി മലപ്പുറം ജില്ലയിൽ രോഗികളുടെ എണ്ണം കൂടുതലാണെങ്കിലും ഏതെങ്കിലും ഒരു തരത്തിലുള്ള ക്യാൻസറിന്റെ ക്രമാതീതമായ വർദ്ധനവ് ഇവിടെ രേഖപ്പെടുത്തിയിട്ടില്ല. സർക്കാർ മേഖലയിൽ ക്യാൻസർ ചികിത്സാ സൗകര്യം തിരുവനന്തപുരത്തും, കൊച്ചിയിലും കണ്ണൂരിലുമുള്ള ക്യാൻസർ സെന്ററുകളിലും അഞ്ച് മെഡിക്കൽ കോളേജുകളിലും മാത്രമായി പരിമിതപ്പെട്ടിരുന്ന കാലഘട്ടത്തിൽ ജനങ്ങൾക്ക് അനുഭവിക്കേണ്ടിവന്ന ശാരീരികവും മാനസികവും സാമ്പത്തികവുമായ ബുദ്ധിമുട്ടുകൾ പരിഗണിച്ചുകൊണ്ട് സംസ്ഥാന ആരോഗ്യ വകുപ്പ് ആരംഭിച്ച പദ്ധതിയാണ് ജില്ലാ ക്യാൻസർ കെയർ പദ്ധതി. സർവ്വീസിൽ നിലവിലുള്ള ഡോക്ടർമാർക്ക് ക്യാൻസർ ചികിത്സയിൽ പ്രത്യേക പരിശീലനം റീജിയണൽ ക്യാൻസർ സെന്ററുകളിൽ വച്ച് നൽകുകയും അവരെ ജില്ലാ, ഉപജില്ലാ ആശുപത്രികളിൽ ആരംഭിച്ച ജില്ലാ ക്യാൻസർ കെയർ സെന്ററുകളിൽ നിയമിക്കുകയും ചെയ്യുന്നു. കീമോതെറാപ്പി ഉൾപ്പെടെയുള്ള തുടർചികിത്സാ സംവിധാനങ്ങൾ സൗജന്യമായി നൽകുന്ന ഈ കേന്ദ്രങ്ങൾ ഇന്ന് ആരോഗ്യവകുപ്പിന്റെ 24 ആശുപത്രികളിൽ പ്രവർത്തിച്ച് വരുന്നു. ക്യാൻസർ സെന്ററുകളുമായി സഹകരിച്ച് പ്രവർത്തിക്കുന്ന ഈ ആശുപത്രികളിലൂടെ ഒരു ലക്ഷത്തിലേറെ പേർക്ക് കീമോതെറാപ്പി നൽകുകയും 4000 -ൽ ഏറെ പുതിയ രോഗികളെ കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. മലപ്പുറം ജില്ലയിൽ നിലവിൽ അഞ്ച് ക്യാൻസർ ചികിത്സാ കേന്ദ്രങ്ങളാണ് പ്രവർത്തിച്ച് വരുന്നത്. മലപ്പുറം ജില്ലയിലെ സർക്കാർ ആശുപത്രികളിൽ ക്യാൻസർ ചികിത്സയ്ക്കായി ഏർപ്പെടുത്തിയിട്ടുള്ള സൗകര്യങ്ങൾ ചുവടെ ചേർക്കുന്നു. ക്രമ നം. സ്ഥാപനം ഏർപ്പെടുത്തിയിട്ടുള്ള സൗകര്യങ്ങൾ 1 ഗവൺമെന്റ് ജനറൽ ആശുപത്രി, മഞ്ചേരി ഓങ്കോളജി വിഭാഗത്തിൽ ഒരു ജൂനിയർ

| | | | |
|---|---|---|---|
| | | | കൺസൾട്ടന്റിന്റെ കീഴിൽ ക്യാൻസർ നിർണ്ണയത്തിനായിട്ടുള്ള ലബോറട്ടറി ടെസ്റ്റുകളും, സ്കാനിംഗ്, ബയോപ്സി എന്നീ ചികിത്സാ സൗകര്യങ്ങളും ലഭ്യമാണ്. 2 ജില്ലാ ആശുപത്രി നിലമ്പൂർ ഒരു റേഡിയോ തെറാപ്പിസ്റ്റ് (ജൂനിയർ കൺസൾട്ടന്റ്)-ന്റെ നേതൃത്വത്തിൽ കീമോ, പാലിയേറ്റീവ് കെയർ അടക്കമുള്ള ചികിത്സാ സൗകര്യങ്ങൾ ലഭ്യമാണ്. 3 ജില്ലാ ആശുപത്രി തിരൂർ കീമോതെറാപ്പി, പാലിയേറ്റീവ് വിഭാഗം, ക്യാൻസർ ബോധവത്കരണ ക്ലാസ്സുകൾ എന്നിവ ലഭ്യമാണ്. 4 ജില്ലാ ആശുപത്രി പെരിന്തൽമണ്ണ ക്യാൻസർ രോഗികൾക്ക് കീമോതെറാപ്പിചികിത്സ ലഭ്യമാണ്. 5 സാമൂഹികാരോഗ്യ കേന്ദ്രം, എടവണ്ണ എം.എൽ.എ ഫണ്ടും തദ്ദേശ സഹായവും ഉപയോഗിച്ച് ക്യാൻസർ രോഗികൾക്കായി ഒരു ക്യാൻസർ കെയർ സെന്റർ 23/02/2021 -ൽ ഉത്ഘാടനം ചെയ്തു പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇതിലേക്കായി ആവശ്യമായ ഉപകരണങ്ങൾ മലപ്പുറം ജില്ലാ പഞ്ചായത്തും, ഗ്രാമപഞ്ചായത്തും വാങ്ങി നൽകുകയും രണ്ട് ഡോക്ടർമാരേയും. രണ്ട് സ്റ്റാഫ് നേഴ്സ്മാരേയും, ഒരു ലാബ് ടെക്നീഷ്യനേയും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ, തിരൂർ ജില്ലാ ആശുപത്രിയിൽ ഒൻപത് നിലകളുള്ള ഒരു കെട്ടിടം ക്യാൻസർ കെയർ വിഭാഗത്തിനായി സജ്ജമാക്കിയിട്ടുണ്ട്. ജി.ഒ. (ആർ.റ്റി)നം.3829/2015/ആ.കു.വ തീയതി- 27/11/2015, ജി.ഒ(ആർ.റ്റി)നം.8/2016/ആ.കു.വ തീയതി- 04/01/2016 എന്നീ ഉത്തരവുകൾ പ്രകാരം 33.7 കോടി രൂപയുടെ ഭരണാനുമതി നൽകിയ ഈ ഓങ്കോളജി സെന്ററിന്റെ നിർമ്മാണ പ്രവൃത്തി 2017 -ൽ ആരംഭിക്കുകയും ഇപ്പോൾ 90%-ത്തോളം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇലക്ട്രിക്കൽ വർക്ക് മുക്കാൽ ഭാഗത്തോളവും പൂർത്തിയാക്കി. ലിഫ്റ്റ്, ഫയർ സേഫ്റ്റി എന്നിവയുടെ നടപടിക്രമങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഈ ഓങ്കോളജി സെന്റർ പ്രവർത്തന സജ്ജമാകുന്ന മുറയ്ക്ക് മലപ്പുറം ജില്ലയിലെ ക്യാൻസർ രോഗികൾക്ക് പൂർണതോതിൽ ചികിത്സാസൗകര്യം ജില്ലയിൽ തന്നെ ലഭ്യമാക്കാൻ കഴിയും. |
| (സി) | ജില്ലയുടെ പിന്നോക്കാവസ്ഥ കണക്കിലെടുത്ത് ഒരു ക്യാൻസർ ആശുപത്രി അടിയന്തരമായി തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | സംസ്ഥാനത്തെ പ്രത്യേക ജീവിത ശൈലിയുടേയും മറ്റ് ഘടകങ്ങളുടേയും പരിണിതഫലമായി ക്യാൻസർ രോഗം വർദ്ധിച്ചു വരുന്നതായിട്ടാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ദേശീയ ശരാശരിയേക്കാളും ഉയർന്ന തോതിൽ ക്യാൻസർ നിരക്കുള്ള സംസ്ഥാനത്തിൽ പ്രതിവർഷം 60,000-ത്തിൽപരം പുതിയ രോഗികൾ രജിസ്റ്റർ |

ചെയ്യപ്പെടുന്നുണ്ടെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. സംസ്ഥാനത്ത് ഒരു സമ്പൂർണ്ണ ക്യാൻസർ രജിസ്ട്രി നിലവിലില്ലെങ്കിലും തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിന്റേയും മലബാർ ക്യാൻസർ സെന്ററിന്റേയും രജിസ്ട്രി പ്രകാരം എല്ലാ ജില്ലകളിലും ഏറെക്കുറെ ഒരേരീതിയിൽ ക്യാൻസർ രോഗങ്ങളുടെ പ്രാചുര്യം നിലവിലുണ്ട്. ജനസംഖ്യാനുപാതികമായി മലപ്പുറം ജില്ലയിൽ രോഗികളുടെ എണ്ണം കൂടുതലാണെങ്കിലും ഏതെങ്കിലും ഒരു തരത്തിലുള്ള ക്യാൻസറിന്റെ ക്രമാതീതമായ വർദ്ധനവ് ഇവിടെ രേഖപ്പെടുത്തിയിട്ടില്ല. സർക്കാർ മേഖലയിൽ ക്യാൻസർ ചികിത്സാ സൗകര്യം തിരുവനന്തപുരത്തും, കൊച്ചിയിലും കണ്ണൂരിലുമുള്ള ക്യാൻസർ സെന്ററുകളിലും അഞ്ച് മെഡിക്കൽ കോളേജുകളിലും മാത്രമായി പരിമിതപ്പെട്ടിരുന്ന കാലഘട്ടത്തിൽ ജനങ്ങൾക്ക് അനുഭവിക്കേണ്ടിവന്ന ശാരീരികവും മാനസികവും സാമ്പത്തികവുമായ ബുദ്ധിമുട്ടുകൾ പരിഗണിച്ചുകൊണ്ട് സംസ്ഥാന ആരോഗ്യ വകുപ്പ് ആരംഭിച്ച പദ്ധതിയാണ് ജില്ലാ ക്യാൻസർ കെയർ പദ്ധതി. സർവ്വീസിൽ നിലവിലുള്ള ഡോക്ടർമാർക്ക് ക്യാൻസർ ചികിത്സയിൽ പ്രത്യേക പരിശീലനം റീജിയണൽ ക്യാൻസർ സെന്ററുകളിൽ വച്ച് നൽകുകയും അവരെ ജില്ലാ, ഉപജില്ലാ ആശുപത്രികളിൽ ആരംഭിച്ച ജില്ലാ ക്യാൻസർ കെയർ സെന്ററുകളിൽ നിയമിക്കുകയും ചെയ്യുന്നു. കീമോതെറാപ്പി ഉൾപ്പെടെയുള്ള തുടർചികിത്സാ സംവിധാനങ്ങൾ സൗജന്യമായി നൽകുന്ന ഈ കേന്ദ്രങ്ങൾ ഇന്ന് ആരോഗ്യവകുപ്പിന്റെ 24 ആശുപത്രികളിൽ പ്രവർത്തിച്ച് വരുന്നു. ക്യാൻസർ സെന്ററുകളുമായി സഹകരിച്ച് പ്രവർത്തിക്കുന്ന ഈ ആശുപത്രികളിലൂടെ ഒരു ലക്ഷത്തിലേറെ പേർക്ക് കീമോതെറാപ്പി നൽകുകയും 4000 -ൽ ഏറെ പുതിയ രോഗികളെ കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. മലപ്പുറം ജില്ലയിൽ നിലവിൽ അഞ്ച് ക്യാൻസർ ചികിത്സാ കേന്ദ്രങ്ങളാണ് പ്രവർത്തിച്ച് വരുന്നത്. മലപ്പുറം ജില്ലയിലെ സർക്കാർ ആശുപത്രികളിൽ ക്യാൻസർ ചികിത്സയ്ക്കായി ഏർപ്പെടുത്തിയിട്ടുള്ള സൗകര്യങ്ങൾ ചുവടെ ചേർക്കുന്നു. ക്രമ നം. സ്ഥാപനം ഏർപ്പെടുത്തിയിട്ടുള്ള സൗകര്യങ്ങൾ 1 ഗവൺമെന്റ് ജനറൽ ആശുപത്രി, മഞ്ചേരി ഓങ്കോളജി വിഭാഗത്തിൽ ഒരു ജൂനിയർ കൺസൾട്ടന്റിന്റെ കീഴിൽ ക്യാൻസർ നിർണ്ണയത്തിനായിട്ടുള്ള ലബോറട്ടറി ടെസ്റ്റുകളും, സ്കാനിംഗ്, ബയോപ്സി എന്നീ ചികിത്സാ സൗകര്യങ്ങളും ലഭ്യമാണ്. 2 ജില്ലാ ആശുപത്രി

| | | | |
|---|---|---|---|
| | | | നിലമ്പൂർ ഒരു റേഡിയോ തെറാപ്പിസ്റ്റ് (ജൂനിയർ കൺസൾട്ടന്റ്)-ന്റെ നേതൃത്വത്തിൽ കീമോ, പാലിയേറ്റീവ് കെയർ അടക്കമുള്ള ചികിത്സാ സൗകര്യങ്ങൾ ലഭ്യമാണ്. 3 ജില്ലാ ആശുപത്രി തിരൂർ കീമോതെറാപ്പി, പാലിയേറ്റീവ് വിഭാഗം, ക്യാൻസർ ബോധവത്കരണ ക്ലാസ്സുകൾ എന്നിവ ലഭ്യമാണ്. 4 ജില്ലാ ആശുപത്രി പെരിന്തൽമണ്ണ ക്യാൻസർ രോഗികൾക്ക് കീമോതെറാപ്പിചികിത്സ ലഭ്യമാണ്. 5 സാമൂഹികാരോഗ്യ കേന്ദ്രം, എടവണ്ണ എം.എൽ.എ ഫണ്ടും തദ്ദേശ സഹായവും ഉപയോഗിച്ച് ക്യാൻസർ രോഗികൾക്കായി ഒരു ക്യാൻസർ കെയർ സെന്റർ 23/02/2021 -ൽ ഉത്ഘാടനം ചെയ്തു പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇതിലേക്കായി ആവശ്യമായ ഉപകരണങ്ങൾ മലപ്പുറം ജില്ലാ പഞ്ചായത്തും, ഗ്രാമപഞ്ചായത്തും വാങ്ങി നൽകുകയും രണ്ട് ഡോക്ടർമാരേയും. രണ്ട് സ്റ്റാഫ് നേഴ്സ്മാരേയും, ഒരു ലാബ് ടെക്നീഷ്യനേയും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ, തിരൂർ ജില്ലാ ആശുപത്രിയിൽ ഒൻപത് നിലകളുള്ള ഒരു കെട്ടിടം ക്യാൻസർ കെയർ വിഭാഗത്തിനായി സജ്ജമാക്കിയിട്ടുണ്ട്. ജി.ഒ. (ആർ.റ്റി)നം.3829/2015/ആ.കു.വ തീയതി- 27/11/2015, ജി.ഒ(ആർ.റ്റി)നം.8/2016/ആ.കു.വ തീയതി- 04/01/2016 എന്നീ ഉത്തരവുകൾ പ്രകാരം 33.7 കോടി രൂപയുടെ ഭരണാനുമതി നൽകിയ ഈ ഓങ്കോളജി സെന്ററിന്റെ നിർമ്മാണ പ്രവൃത്തി 2017 -ൽ ആരംഭിക്കുകയും ഇപ്പോൾ 90%-ത്തോളം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇലക്ട്രിക്കൽ വർക്ക് മുക്കാൽ ഭാഗത്തോളവും പൂർത്തിയാക്കി. ലിഫ്റ്റ്, ഫയർ സേഫ്റ്റി എന്നിവയുടെ നടപടിക്രമങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഈ ഓങ്കോളജി സെന്റർ പ്രവർത്തന സജ്ജമാകുന്ന മുറയ്ക്ക് മലപ്പുറം ജില്ലയിലെ ക്യാൻസർ രോഗികൾക്ക് പൂർണതോതിൽ ചികിത്സാസൗകര്യം ജില്ലയിൽ തന്നെ ലഭ്യമാക്കാൻ കഴിയും. |

സെക്ഷൻ ഓഫീസർ